# കേരള സർക്കാർ

സംഗ്രഹം

പബ്ലിക് റിലേഷൻസ് വകുപ്പ് – പത്രപ്രവർത്തക ക്ഷേമ – പെൻഷൻ പദ്ധതി – അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

പൊതുഭരണ (പി. ആർ. സി.) വകുപ്പ്

സർക്കാർ ഉത്തരവ് (പി) 7/93/പി. ആർ.

തിരുവനന്തപുരം, 1993 ആഗസ്റ്റ് 16.

**ഉത്തരവ്**

കേരളത്തിലെ പത്രപ്രവർത്തകർക്ക് ഒരു ക്ഷേമ – പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്നത് ഗവൺമെൻറിൻെറ സജീവ പരിഗണനയിലുള്ള ഒരു കാര്യമായിരുന്നു. 1993–94– ലെ ബജററ് പ്രസംഗത്തിൽ 1993 ഏപ്രിൽ മുതൽ വർക്കിംഗ് ജേർണലിസ്റ്റുകൾക്കായി ഒരു ക്ഷേമ–പെൻഷൻ നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. വിശദമായ പരിശോധനയ്ക്കുശേഷം കേരളത്തിലെ പത്രപ്രവർത്തകർക്കായി ഒരു പെൻഷൻ പദ്ധതി താഴെപ്പറയുന്ന വിശദാംശങ്ങളോടെ 1993 ഏപ്രിൽ ഒന്നു മുതൽ നടപ്പിലാക്കുവാൻ ഗവൺമെൻറ് തീരുമാനിച്ച് ഉത്തരവാകുന്നു. ഈ പദ്ധതി പ്രകാരം കുറഞ്ഞത് 10 വർഷം എങ്കിലും സർവ്വീസുള്ള ഒരു പത്രപ്രവർത്തകന് പ്രതിമാസം ആയിരം രൂപയും, അഞ്ചു വർഷത്തെ സർവ്വീസുള്ളവർക്ക് 500 രൂപയും പെൻഷൻ ആയി ലഭിക്കുന്നതാണ്. അസുഖംമൂലം ജോലിയിൽ തുടരാൻ സാധിക്കാതെ വരുന്നവർ പ്രസിദ്ധീകരണം നിലച്ചതുമൂലം ജോലി നഷ്ടപ്പെട്ട പത്രപ്രവർത്തകർ എന്നിവരും ഈ പെൻഷന് അർഹതയുള്ളവരായിരിക്കും.

2. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഓരോ പത്രപ്രവർത്തകനും തൻെറ വയസ്സിൻെറ അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക മാസവരിയായി നൽകേണ്ടതാണ്. ഈ തുകയും ഗവൺമെൻറ് വിഹിതവും ചേർന്ന് പെൻഷനുവേണ്ടി ഒരു ഫണ്ട് ഉണ്ടായിരിക്കും. പ്രാരംഭവിഹിതമായി ഗവൺമെൻറ് 10 ലക്ഷം രൂപ നൽകുന്നതാണ്. വരിക്കാർക്ക് വരിസംഖ്യ നേരിട്ട് ഈ അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതും തെളിവായി ഒരു പാസ്ബുക്ക് സൂക്ഷിക്കാവുന്നതുമാണ്.

ഈ പദ്ധതിയുടെ ആനുകൂല്യം പത്രപ്രവർത്തകരുടെ കുടുംബത്തിനും ലഭ്യമാകുന്നതാണ്. ഒരു പത്രപ്രവർത്തകൻ മരണപ്പെട്ടാൽ അദ്ദേഹത്തിൻെറ കുടുംബത്തിന് പെൻഷൻെറ 50 ശതമാനം ലഭിക്കുന്നതാണ്. ഇതിനായി കുടുംബത്തിലെ ഒരംഗത്തിനെ പത്രപ്രവർത്തകന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

മുഖ്യമന്ത്രി ചെയർമാനും പബ്ലിക് റിലേഷൻസ് ഡയറക്ടർ കൺവീനറും പത്രപ്രവർത്തകരുടെ പ്രതിനിധികൾ അംഗങ്ങളായും ഉള്ള ഒരു സംസ്ഥാനതല മാനേജിംഗ് കമ്മിററി രൂപീകരിക്കും. അപേക്ഷകളിൽ അന്തിമ തീരുമാനമെടുക്കുന്നതും, തർക്കങ്ങൾ പരിഹരിക്കുന്നതും, കാലാകാലങ്ങളിൽ പദ്ധതിക്കാവശ്യമായ മാററങ്ങൾ വരുത്തുന്നതും ഈ കമ്മിററിയായിരിക്കും. സാധാരണയായി ഒരു പത്രപ്രവർത്തകൻ റിട്ടയർ ചെയ്യുന്നതിൻെറ അടുത്തമാസം മുതൽ പെൻഷൻ ലഭിക്കുന്നതാണ്. വരിക്കാരൻെറ പാസ്ബുക്ക് പരിശോധിച്ച് ചെക്ക് നൽകുന്നതിനുള്ള അധികാരം പബ്ലിക് റിലേഷൻസ് ഡയറക്ടർക്കായിരിക്കും.

പദ്ധതിയുടെ നിയമാവലി, അപേക്ഷാ ഫോം മുതലായവ ഇതിനോടനുബന്ധമായി ചേർത്തിട്ടുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ജയകുമാർ,

സ്പെഷ്യൽ സെക്രട്ടറി,

(ടൂറിസം, കൾച്ചർ ആൻറ് ഇൻഫർമേഷൻ)

1. അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ) (ഓഡിററ്), കേരള (ധനകാര്യ വകുപ്പിൻെറ അംഗീകാരത്തോടെ) പൊതുഭരണ (എസ്.സി.) വകുപ്പിന് (4–8–1993– ലെ ഒ. എ. 3 നമ്പർ കൗൺസിൽ തീരുമാനം).
ധനകാര്യ വകുപ്പ്.
നിയമ വകുപ്പ്.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.
ജനറൽ സെക്രട്ടറി, കേരള പത്രപ്രവർത്തക യൂണിയർ, സ്റ്റേററ് കമ്മിററി ഓഫീസ്, കൊല്ലം.
കരുതൽ ഫയൽ.
ഓഫീസ് കോപ്പി.

**1993 – ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതി**

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും, – (1) ഈ ചട്ടങ്ങൾക്ക് 1993 – ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ചട്ടങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുന്നതും 1993 ഏപ്രിൽ മാസം 30–ാം തീയതിയോ അതിനുശേഷമോ ജോലിയിൽ നിന്ന് വിരമിച്ചവരോ വിരമിക്കുന്നവരോ ആയ എല്ലാ പത്രപ്രവർത്തകർക്കും ഈ ചട്ടങ്ങളിലെ മററു വ്യവസ്ഥകൾക്കു വിധേയമായി ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

2. **ലക്ഷ്യങ്ങൾ** – കേരള സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന പത്രങ്ങളിൽ വർക്കിംഗ് ജേർണലിസ്ററുകളായി സേവനമനുഷ്ടിച്ച ശേഷം ജോലിയിൽനിന്നു വിരമിക്കുന്നവരുടെയും അവരുടെ കുടുംബത്തിൻെറയും ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതു ലക്ഷ്യമാക്കി അവർക്ക് 'കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതി എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

3. **നിർവ്വചനങ്ങൾ** – (എ) "പത്രപ്രവർത്തകൻ" എന്നാൽ കേരള സംസ്ഥാനുനിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന ഒന്നോ അതിലധികമോ പത്രത്തിനുവേണ്ടി ജോലിചെയ്യുന്നവരും, 1955– ലെ വർക്കിംഗ് ജേർണലിസ്റ്റുകളുടെയും മററ് വാർത്താപത്ര ജീവനക്കാരുടെയും (സേവന വ്യവസ്ഥകളും) പലവക വ്യവസ്ഥകളും ആക്ററ് (1955 – ലെ 45) പ്രകാരം രൂപീകൃതമായിട്ടുള്ള വേജ്ബോർഡിൻെറ പരിധിയിൽ വരുന്നവരുമായ എല്ലാ ജേർണലിസ്റ്റുകളും എന്നർത്ഥമാകുന്നു.

(ബി) "കുടുംബം" എന്നാൽ പത്രപ്രവർത്തകൻെറ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, ഇരുപത്തിയഞ്ചു വയസ് കവിയുകയോ വിവാഹിതരാവുകയോ ചെയ്തിട്ടില്ലാത്ത അവരുടെ കുട്ടികൾ, പത്രപ്രവർത്തകനെ ആശ്രയിച്ചുകഴിയുന്ന മാതാപിതാക്കൾ എന്നർത്ഥമാകുന്നു.

(സി) "ഭരണസമിതി" എന്നാൽ 10–ാം ചട്ടപ്രകാരമുള്ള ഭരണസമിതി എന്നർത്ഥമാകുന്നു.

(ഡി) "സേവനം" എന്നാൽ കേരള സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന ഒന്നോ ഒന്നിലധികമോ പത്രത്തിനുവേണ്ടി തുടർച്ചയായോ അല്ലെങ്കിൽ ഇടവേളകളോടുകൂടിയോ ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ ജോലി ചെയ്തിട്ടുള്ള മൊത്തം കാലയളവ് എന്നർത്ഥമാകുന്നു.

(ജി) "ജോലിയിൽ നിന്നു വിരമിക്കുക" എന്നാൽ ഏതെങ്കിലും സ്ഥാപനത്തിൽ പത്രപ്രവർത്തകനായി സേവനമനുഷ്ടിച്ചവരവെ ജോലിയിൽനിന്നു മുറപ്രകാരം റിട്ടയർ ചെയ്യുകയോ, സ്ഥാപനത്തിൻെറ പ്രവർത്തനം നിലച്ചുപോയതിനാൽ ജോലിയിൽ തുടരാൻ കഴിയാതെ വരുകയോ, അഥവാ മറേറതെങ്കിലും കാരണത്താൽ ജോലിയിൽ തുടരാൻ കഴിയാതെ പോകുകയോ ചെയ്യുക എന്നർത്ഥമാകുന്നു.

(എഫ്) ''സ്ഥാപനം'' എന്നാൽ കേരള സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കപ്പെടുന്നതും, 1955 – ലെ വർക്കിംഗ് ജേർണലിസ്റ്റുകളുടെയും മററു പത്രജീവനക്കാരുടെയും (സേവന വ്യവസ്ഥകളും) പലവക വ്യവസ്ഥകളും ആക്ററ് (1955 – ലെ 45) ബാധകമായിട്ടുള്ളതുമായ പത്ര പ്രസിദ്ധീകരണ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു.

(ജി) 'പദ്ധതി' എന്നാൽ ഈ ചട്ടങ്ങൾ പ്രകാരമുള്ള പത്രപ്രവർത്തക പെൻഷൻ പദ്ധതി എന്നർത്ഥമാകുന്നു.

4. **അർഹത** – താഴെപറയുന്ന പ്രകാരമുള്ള ഏതൊരു പത്രപ്രവർത്തകനും ഈ പദ്ധതിയിൻകീഴിൽ പെൻഷൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(1) തുടർച്ചയായോ അല്ലെങ്കിൽ ഇടവേളകളോടുകൂടിയോ കുറഞ്ഞത് പത്തുവർഷക്കാലത്തെ സേവനത്തിനുശേഷം ജോലിയിൽ നിന്നു വിരമിക്കുകയും ഈ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ.

(2) തൻേറതല്ലാത്ത കാരണത്താൽ പത്തുവർഷക്കാലത്തെ സേവനം പൂർത്തിയാക്കാൻ കഴിയാതെ പോകുകയും, ജോലി ഇല്ലാതാകുകയും എന്നാൽ മൊത്തം അഞ്ചുവർഷത്തിൽ കുറയാതുള്ള കാലം ജോലി ചെയ്യുകയും ഈ പദ്ധതിയിൽ അംഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ

എന്നാൽ ഈ ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്ന ഒരാൾക്ക് ഈ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ പെൻഷൻ തുകയുടെ അൻപതുശതമാനത്തിൽ കൂടുതൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

കൂടാതെ, ഈ പദ്ധതിയിൽ ഒരിക്കൽ അംഗമായി ചേരുകയും പെൻഷൻ ആനുകൂല്യങ്ങൾ നേടുകയും ചെയ്യുകയോ, ഇടയ്ക്കുവച്ച് അംഗത്വം നഷ്ടമാകുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയും ഈ ചട്ടങ്ങൾ പ്രകാരം ലഭ്യമായ പെൻഷൻ വാങ്ങുകയും ചെയ്ത ഒരാൾക്ക് വീണ്ടും ഈ പദ്ധതിയിൽ അംഗമാകുകയോ പെൻഷന് അർഹനാകുകയോ ചെയ്യാവുന്നതല്ല.

5. പെൻഷൻ നിധി – (1) ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ നൽകുന്നതിലേക്ക് ഒരു പെൻഷൻനിധി രൂപീകരിക്കേണ്ടതാണ്.

(2) നിധിയിൽ താഴെ പറയുന്നവ വരവുകൊള്ളിക്കേണ്ടതാണ് –

(എ) സർക്കാർ വിഹിതം

(ബി) പത്രപ്രവർത്തകർ മാസം തോറും അടയ്ക്കുന്ന അംശദായം.

(സി) പത്രഉടമകളിൽ നിന്നും ലഭിക്കുന്ന ഏതൊരു സംഭാവനയും.

(3) ചട്ടം 10 പ്രകാരമുള്ള ഭരണസമിതിയിൽ നിധി നിക്ഷിപ്തമായിരിക്കുന്നതും, പ്രസ്തുത ഭരണസമിതി ഈ പദ്ധതിപ്രകാരമുള്ള പെൻഷൻ നൽകുന്നതിന് അത് ഉപയോഗിക്കേണ്ടതുമാണ്.

6. <u>പത്രപ്രവർത്തകരെ അംഗമായി രജിസ്റ്റർ ചെയ്യൽ</u> – പതിനെട്ട് വയസ് പൂർത്തിയായിരിക്കുകയും എന്നാൽ അറുപതു വയസ് പൂർത്തിയാകാതിരിക്കുകയും ഒരു പത്രപ്രവർത്തകനായി ജോലി ചെയ്യുകയും ചെയ്യുന്ന ഏതൊരാൾക്കും ഈ പദ്ധതിയിൽ ഒരംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന സമയത്തു പത്രപ്രവർത്തകനായിരിക്കുന്ന ഒരാൾ ഇത് പ്രാബല്യത്തിൽ വന്ന് ആറുമാസത്തിനകം ഒരംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫാറത്തിൽ (അനുബന്ധം–1) ഭരണസമിതിയുടെ കൺവീനർക്ക് നൽകേണ്ടതാണ്.

(3) ഓരോ അപേക്ഷയോടുമൊപ്പം, അപേക്ഷകൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൻെറ പേര്, അപേക്ഷകൻെറ ജോലി, അയാൾ ജോലിയിൽ പ്രവേശിച്ച തീയതി, സ്ഥാപനത്തിലെ റെക്കാർഡ് പ്രകാരമുള്ള അയാളുടെ ജനനത്തീയതി എന്നിവ സംബന്ധിച്ച് അയാൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൻെറ ഉടമ നൽകിയിട്ടുള്ള ഒരു സ്റ്റേററുമെൻറ് കൂടി വയ്ക്കേണ്ടതാണ്.

(4) ഈ ചട്ടങ്ങൾ പ്രകാരമുള്ള ഒരു അപേക്ഷ കൺവീനറോ അദ്ദേഹം അധികാരപ്പെടുത്തിയ ഓഫീസറോ സ്വീകരിക്കേണ്ടതും, അപേക്ഷകൻെറ പേരും മററു വിവരങ്ങളും ഇതിലേക്കായി സൂക്ഷിച്ചിട്ടുള്ള അംഗത്വ രജിസ്ററിൽ ചേർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

7. അംഗത്വം സംബന്ധമായ പൊതുവ്യവസ്ഥകൾ – (1) ഒരു അംഗത്തിന് അറുപതു വയസ് പൂർത്തിയാകുകയോ, അംഗമായശേഷം നാല്പതുവർഷം പൂർത്തിയാകുകയോ, രണ്ടിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അപ്പോൾ, അയാൾക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഒരു അംഗം ഒരുവർഷത്തിൽ കുറയാത്ത കാലത്തേക്ക് പത്രപ്രവർത്തകനായി ജോലിയിൽ ഏർപ്പെടാതിരിക്കുകയാണെങ്കിൽ അയാൾക്ക് ഈ പദ്ധതിയിൽ ഉള്ള അംഗത്വം സ്വമേധയാ റദ്ദായി പ്പോകുന്നതാണ്.

(3) ഒരു അംഗം തുടർച്ചയായി ആറുമാസത്തിൽ കൂടുതൽ കാലം അയാളുടെ അംശദായം അടയ്ക്കാ തിരിക്കുന്നപക്ഷം അയാളുടെ അംഗത്വം സ്വമേധയാ റദ്ദായിപോകുന്നതാണ്.

എന്നാൽ അയാൾക്ക് ജോലിയിൽ ഏർപ്പെടാനോ അംശദായം അടയ്ക്കാനോ കഴിയാതിരുന്നതു ന്യായമായ കാരണങ്ങളാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അയാൾ നിധിയിലേക്കുള്ള അംശദായകുടിശ്ശിക മുഴുവൻ അടച്ചുതീർക്കുന്നതിൻമേൽ, ഭരണസമിതി അയാളുടെ അംഗത്വം പുന:സ്ഥാപിച്ചുകൊടുക്കേണ്ടതാണ്:

എന്നാൽ, ഒരംഗത്തിന് മൂന്നുതവണയിൽ കൂടുതൽ ഇപ്രകാരം അംഗത്വം പുന:സ്ഥാപിച്ചു കൊടുക്കാവുന്നതല്ല.

(4) അംഗത്വം നഷ്ടപ്പെട്ട ഒരംഗത്തിന്, അയാൾ പദ്ധതിയിൽ അതുവരെ അടച്ചിട്ടുള്ള തുക, അയാൾ അംഗമല്ലാതായ തീയതി മുതൽ ഒരു വർഷത്തിനുശേഷം മടക്കിക്കിട്ടാൻ അർഹതയുണ്ടായിരി ക്കുന്നതാണ്.

8. നിധിയിലേക്കുള്ള അംശദായം – ഓരോ അംഗവും താഴെപ്പറയുന്ന പ്രകാരമുള്ള നിശ്ചിതതുക പ്രതിമാസം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(1) 18 വയസ് മുതൽ 35 വയസ് വരെ 25 രൂപ.
(2) 36 മുതൽ 45 വയസ് വരെ 30 രൂപ.
(3) 46 വയസ് മുതൽ 60 വയസ് വരെ 40 രൂപ.

9. അംശദായം സ്വീകരിക്കുന്ന വിധം – (1) ഓരോ അംഗവും അയാൾ നിധിയിലേക്ക് നൽകേണ്ട അംശദായം എല്ലാ മാസവും പത്താംതീയതിക്കുമുമ്പായി അയാൾ ജോലിചെയ്യുന്ന സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ലയിലെ ജില്ലാ ട്രഷറിയിൽ ഇതിലേക്കായി ഗവൺമെൻറ് തുറക്കുന്ന കേന്ദ്രീകൃത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. 1993 സെപ്ററംബർ മാസം ഒന്നാം തീയതി മുതൽ അംശദായം അടച്ച് തുടങ്ങേണ്ടതാണ്. ഓരോ അംഗത്തിനും ഫോട്ടോ പതിച്ച പാസ്ബുക്ക് നൽകുന്നതാണ്. അതിൽ ഓരോ മാസവും അയാൾ അടയ്ക്കുന്ന തുകയും, തുക അടച്ച തീയതിയും, അതുവരെ അടച്ച ആകെ തുകയും രേഖപ്പെടുത്തിയിരിക്കണം.

പാസ് ബുക്കിൽ കാണിച്ചിട്ടുള്ള വിവരങ്ങൾ ഈ പദ്ധതിപ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനുള്ള അടിസ്ഥാന രേഖയും തെളിവും ആയി കണക്കാക്കുന്നതാണ്.

ഒരംഗത്തിന് പാസ്ബുക്ക് നഷ്ടപ്പെട്ടുപോകുന്ന സംഗതിയിൽ, വിലയായി 10 രൂപ വാങ്ങിയശേഷം, ഒരു ഡ്യൂപ്ലിക്കേററ് പാസ്ബുക്ക് നൽകുന്നതാണ്.

(2) ഓരോ മാസവും അടയ്ക്കേണ്ട അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഒരംഗത്തിന്, കുടിശ്ശികത്തുക മുഴുവൻ പലിശസഹിതം ഒരുമിച്ച് അടച്ചുതീർക്കുന്നതിന് അവകാശമുണ്ടായിരിക്കും. എന്നാൽ തുടർച്ചയായി ആറു മാസത്തിൽ കൂടുതൽ വീഴ്ചവരുത്തുന്ന ഒരു അംഗത്തിന് ഈ അവകാശം ഉണ്ടായിരിക്കുന്നതല്ല.

10. ഭരണസമിതി – ഈ പദ്ധതിയുടെ നടത്തിപ്പിനു താഴെ പറയുന്നവർ അടങ്ങുന്ന ഏഴ് അംഗങ്ങളിൽ കവിയാത്ത ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്.

(എ) മുഖ്യമന്ത്രി (ചെയർമാൻ).
(ബി) പബ്ലിക് റിലേഷൻസ് ഡയറക്ടർ (കൺവീനർ).
(സി) സർക്കാർ പ്രതിനിധികൾ.
(ഡി) പത്രപ്രവർത്തക പ്രതിനിധികൾ.

11. ഭരണസമിതിയുടെ അധികാരങ്ങൾ – (i) പെൻഷൻ അപേക്ഷകൾ പരിഗണിച്ച് അർഹരായ അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുക. 16–ഉം 17–ഉം ചട്ടങ്ങൾ പ്രകാരം അപേക്ഷ നിരസിക്കുക, പുനരാലോചന ചെയ്യുക തുടങ്ങിയവ.

(ii) ചട്ടം 7–ൽ പറയുന്നപ്രകാരം അംഗത്വം നഷ്ടപ്പെട്ടവരുടെ അപേക്ഷകൾ പരിഗണിച്ച് അർഹരായ വർക്ക് അംഗത്വം പുന:സ്ഥാപിച്ചു കൊടുക്കുക.

(iii) പദ്ധതിയുടെ കാലോചിതമായ വികസനം ആസൂത്രണം ചെയ്യുക.

(iv) ഭരണസമിതിക്ക് അതിൻെറ ഏതെങ്കിലും അധികാരങ്ങൾ തങ്ങളുടെ ഇടയിൽനിന്ന് മൂന്നംഗങ്ങളുള്ള ഒരു ഉപസമിതിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

12. പെൻഷൻ തുക – (i) പ്രതിമാസ പെൻഷൻ തുക ആയിരം രൂപ ആയിരിക്കുന്നതാണ്.

(ii) മൂന്നുവർഷത്തിലൊരിക്കൽ ആവശ്യമെന്നുകണ്ടാൽ പെൻഷൻ തുകയും അംശദായവും പുനർനിർണ്ണയം ചെയ്യാവുന്നതാണ്.

13. സർക്കാർ സഹായം – സർക്കാരിൻെറ സാമ്പത്തികസഹായം 10 ലക്ഷം രൂപയായിരിക്കും.

14. പെൻഷന് അപേക്ഷ നൽകുന്ന വിധം – (1) ഒരംഗം, അയാൾക്ക് അറുപത് വയസ് തികയുകയോ അല്ലെങ്കിൽ അംഗമായശേഷം നാൽപതുവർഷം പൂർത്തിയാകുകയോ ചെയ്യാറാകുമ്പോൾ നിശ്ചിത ഫാറത്തിൽ (അനുബന്ധം– 11) ഭരണസമിതിയുടെ കൺവീനർക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്. സാധാരണഗതിയിൽ അയാൾ തൻെറ റിട്ടയർമെൻറിന് മൂന്നുമാസം മുൻപ് പ്രസ്തുത അപേക്ഷ നൽകിയിരിക്കണം.

അപേക്ഷയോടൊപ്പം, അയാൾ ജോലിചെയ്യുന്ന സ്ഥാപനത്തിൻെറ ഉടമയിൽ നിന്നോ, ജോലിചെയ്യുന്ന ജില്ലയിലെ വർക്കിംഗ് ജേർണലിസ്റ്റ് യൂണിയൻെറ പ്രസിഡൻറ് അല്ലെങ്കിൽ സെക്രട്ടറിയിൽ നിന്നോ വാങ്ങിയിട്ടുള്ള തൊഴിൽസർട്ടിഫിക്കററ് കൂടി ഹാജരാക്കേണ്ടതാണ്.

(2) അംഗമായിരിക്കവേ മരിച്ചുപോയിട്ടുള്ളവരുടെ സംഗതിയിൽ കുടുംബത്തിന് കുടുംബപെൻഷന് അപേക്ഷ നൽകാവുന്നതാണ്.

15. പെൻഷൻ അനുവദിക്കുന്ന വിധം – (1) അപേക്ഷ ലഭിച്ചുകഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ ഭരണസമിതിയോ അത് അധികാരപ്പെടുത്തുന്ന ഉപസമിതിയോ അതു പരിഗണിച്ച് തീരുമാനം എടുക്കേണ്ടതും അതനുസരിച്ചുള്ള ഒരു ഉത്തരവ് കൺവീനർ നൽകേണ്ടതുമാണ്.

(2) ഏതെങ്കിലും കാരണവശാൽ സമിതിക്ക് മേൽപ്പറഞ്ഞ ഒരു മാസത്തിനുള്ളിൽ യോഗം ചേരാൻ സാധിക്കാത്തപക്ഷം,കൺവീനർക്ക് തനിക്ക് ഉത്തമബോദ്ധ്യമുള്ള അപേക്ഷകളിൽമേൽ മൂന്നുമാസ ക്കാലത്തേക്ക് താൽക്കാലികമായി പെൻഷൻ അനുവദിച്ച് ഉത്തരവ് നൽകാവുന്നതാണ്. ഭരണസമിതിയുടെ തൊട്ടടുത്ത യോഗത്തിൽ തന്നെ താൽക്കാലികപെൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൻമേൽ തീരുമാനം എടുക്കേണ്ടതാണ്.

(3) ഭരണസമിതി തീരുമാനം എടുക്കുന്നത് ഏത് തീയതിയിലായാലും അപേക്ഷകൻ റിട്ടയർ ചെയ്ത തീയതിക്ക് തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ അയാൾക്ക് പെൻഷൻ അനുവദിക്കേണ്ടതാണ്.

16. അപേക്ഷ നിരസിക്കൽ – ഭരണസമിതിക്ക്, മതിയായ കാരണങ്ങളുണ്ടെന്ന് കണ്ടാൽ, ഏതൊരംഗ ത്തിനും പെൻഷൻ നിരസിക്കുവാനുള്ള അധികാരമുണ്ടായിരിക്കും. നിരസിക്കാനുള്ള കാരണം അപേക്ഷയിൽ രേഖപ്പെടുത്തുകയും അത് അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

17. പുനരാലോചന – (1) നിരസിക്കപ്പെട്ട ഒരു അപേക്ഷ സ്വമേധയായോ, മററുതരത്തിലോ

പുനരാലോചനക്കെടുത്ത് പെൻഷൻ അനുവദിക്കുവാൻ ഭരണസമിതിക്ക് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കും.

(2) നിരസിക്കപ്പെട്ട അപേക്ഷകന്, അപേക്ഷ നിരസിച്ച വിവരം കിട്ടി മൂന്നുമാസത്തിനകം തൻെറ അപേക്ഷ പുനരാലോചിക്കണമെന്ന് ഭരണസമിതിയോട് രേഖാമൂലം അപേക്ഷിക്കാവുന്നതാണ്. ഭരണ സമിതിയുടെ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്.

18. കുടുംബപെൻഷൻ – (1) പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് മരണം സംഭവിച്ചാൽ അയാൾ വാങ്ങിക്കൊണ്ടിരുന്ന പെൻഷൻെറ അൻപത് ശതമാനം തുക കുടുംബപെൻഷായി നൽകുന്നതാണ്.

(19) നാമനിർദ്ദേശം – (1) ഓരോ അപേക്ഷകനും അയാളുടെ കുടുംബത്തിലെ ഒരംഗത്തെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഈ നാമനിർദ്ദേശത്തിൻെറ അടിസ്ഥാനത്തിലായിരിക്കും ഒരംഗത്തിൻെറ മരണാനന്തരം അയാൾക്കർഹതപ്പെട്ട തുകകൾ നൽകുന്നതും കുടുംബപെൻഷൻ അനുവദിക്കുന്നതും.

(2) സ്വന്തമായി കുടുംബം ഇല്ലാത്ത ഒരംഗത്തിന് തൻെറ ബന്ധുവോ സഹായിയോ ആയ ഏതൊരാളേയും നാമനിർദ്ദേശം ചെയ്യാവുന്നതാണ്. എന്നാൽ പിന്നീട് കുടുംബം ഉണ്ടാകുന്ന സംഗതിയിൽ അപ്രകാരമുള്ള നാമനിർദ്ദേശം സ്വമേധയാ റദ്ദാക്കുന്നതാണ്.

(3) ഒരിക്കൽ നാമനിർദ്ദേശം ചെയ്തു കഴിഞ്ഞാൽ അതിന് മാററം വരുത്താവുന്നതല്ല. എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ മരിച്ചുപോകുകയോ (2)–ാം ഉപചട്ടത്തിൽ പറഞ്ഞ പ്രകാരമുള്ള പ്രത്യേക സാഹചര്യങ്ങളിലോ ഭരണസമിതിക്ക് വീണ്ടുമുള്ള നാമനിർദ്ദേശം അനുവദിക്കാവുന്നതാണ്. ഇതിലേക്കുള്ള അപേക്ഷ കൺവീനർക്കും നൽകേണ്ടതാണ്.

20. പണം നൽകൽ – പെൻഷൻ തുക എല്ലാമാസവും 6–ാം തീയതിക്ക് ശേഷം ജില്ലാ ട്രഷറിയിൽനിന്നും ചെക്ക് മുഖേന നൽകുന്നതാണ്.

21. പെൻഷൻ റദ്ദാക്കൽ – പെൻഷൻ അനുവദിച്ചത് തെററായ കാരണങ്ങളിൻമേലാണെന്നോ, തെററായ വിവരങ്ങൾ നൽകി കബളിപ്പിച്ച് അനുവദിപ്പിച്ചതാണെണോ ഏതെങ്കിലും സമയത്ത് ബോദ്ധ്യപ്പെടുന്നപക്ഷം, ഭരണസമിതിക്ക്, അനുവദിച്ച പെൻഷൻ ഉടനടി റദ്ദാക്കാവുന്നതാണ്. ആ സംഗതിയിൽ വാങ്ങിയ തുക മുഴുവൻ അതു വാങ്ങിയ ആൾ തിരിച്ചടയ്ക്കുവാൻ ബാദ്ധ്യസ്ഥനാകുന്നതാണ്. എന്നാൽ ഒരാളുടെ പെൻ ഷൻ റദ്ദാക്കുന്നതിന് മുൻപ്, അയാൾക്ക് പറയുവാനുള്ളത് പറയാനുള്ള അവസരം നൽകിയിരിക്കണം.

22. പദ്ധതി ഭേദഗതി ചെയ്യൽ – ഗവൺമെൻറിന് സ്വമേധയായോ അല്ലെങ്കിൽ ഭരണസമിതിയുടെ ശുപാർശയിൻമേലോ ഈ ചട്ടങ്ങളിൽ, പിൻകാല പ്രാബല്യത്തോടെയോ, മുൻകാല പ്രാബല്യത്തോടെയോ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ, വ്യത്യാസം വരുത്തുകയോ ചെയ്യാവുന്നതാണ്.

23. വ്യാഖ്യാനവും വിശദീകരണവും – ഈ പദ്ധതി നടപ്പാക്കുന്നതിലോ, ചട്ടങ്ങൾ വ്യാഖ്യാനിക്കുന്ന തിലോ എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുകയോ, ഏതെങ്കിലും പ്രത്യേകകാര്യത്തെ സംബന്ധിച്ച് വിശദീകരണം ആവശ്യമായി വരികയോ ചെയ്യുന്ന പക്ഷം, ഭരണസമിതി അത് ഗവൺമെൻറിലേക്ക് റഫർ ചെയ്യേണ്ടതും അതിൻമേൽ ഗവൺമെൻറിൻെറ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**അനുബന്ധം 1**

## അംഗമായി ചേരുന്നതിനുള്ള അപേക്ഷാഫാറം

(ചട്ടം 6–ഉം, ചട്ടം 19–ഉം കാണുക)

| | | |
|---|---|---|
| 1. | അപേക്ഷകൻെറ പൂർണ്ണമായ പേരും മേൽവിലാസവും | : |
| 2. | അപേക്ഷകൻ ജോലിചെയ്യുന്ന സ്ഥാപനത്തിൻെറ പേരും മേൽവിലാസവും | : |
| 3. | അപേക്ഷകൻെറ പ്രായവും ജനനതീയതിയും | : |
| 4. | ജോലി/ തസ്തികയുടെ പേര് | : |
| 5. | അപേക്ഷകൻ ജോലിയിൽ പ്രവേശിച്ച തീയതിയും മൊത്തം സർവീസും | : |
| 6. | മററു പത്രസ്ഥാപനങ്ങളിൽ മുൻകാല സർവ്വീസ് വല്ലതുമുണ്ടെങ്കിൽ അതിൻെറ പൂർണവിവരങ്ങൾ | : |
| 7. | മരണാനന്തരം അപേക്ഷകനു കിട്ടേണ്ടിയിരിക്കുന്ന തുകകൾക്കും കുടുംബപെൻഷനും അവകാശിയായി നാമനിർദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ പൂർണമായ പേരും മേൽവിലാസവും, പ്രസ്തുത വ്യക്തിയുമായി അപേക്ഷകനുള്ള ബന്ധവും | : |

മുകളിൽ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും എൻെറ വിശ്വാസപ്രകാരം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി : അപേക്ഷകൻെറ ഒപ്പ്

കുറിപ്പ്: ജനനതീയതി തെളിയിക്കുവാനുള്ള ആധികാരികപ്രമാണങ്ങൾ ഏതെങ്കിലും ഹാജരാക്കേണ്ടതാണ്.

**അനുബന്ധം 2**

## കേരള പത്രപ്രവർത്തക പെൻഷൻ പദ്ധതി
## പെൻഷൻ അനുവദിച്ചുകിട്ടുന്നതിനുള്ള അപേക്ഷാഫാറം

(ചട്ടം 14 കാണുക)

1. അപേക്ഷകൻെറ പൂർണ്ണമായ പേര് :

2. പ്രായവും ജനനത്തീയതിയും

3. പൂർണ്ണമായ മേൽവിലാസം :

4.. ഇപ്പോൾ ജോലിചെയ്യുന്ന സ്ഥാപനത്തിൻെറ
പേരും മേൽവിലാസവും :

5. ജോലിയുടെ പേര് :

6.. ജോലി/തസ്തികയിൽ പ്രവേശിച്ച തീയതി :

7. റിട്ടയർ ചെയ്യേണ്ട തീയതി :

മുകളിൽ കൊടുത്തിട്ടുള്ള എല്ലാ വിവരങ്ങളും എൻെറ ഉത്തമ വിശ്വാസപ്രകാരം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി : അപേക്ഷകൻെറ ഒപ്പ്

കുറിപ്പ്: ജനനതീയതി തെളിയിക്കുവാനുള്ള ആധികാരികപ്രമാണങ്ങൾ ഏതെങ്കിലും ഹാജരാക്കേണ്ടതാണ്.

**അനുബന്ധം 3**

**കേരള പത്രപ്രവർത്തക പെൻഷൻ പദ്ധതി**

(ചട്ടം 14 കാണുക)

പത്രസ്ഥാപനം/ വർക്കിംഗ് – ജേർണലിസ്റ്റ് യൂണിയൻ ജില്ലാ
പ്രസിഡൻറ്/ ജനറൽ സെക്രട്ടറി നല്കുന്ന റിപ്പോർട്ട്

ശ്രീ ശ്രീമതി ..........................................................................................................................ൻെറ/യുടെ അപേക്ഷാഫാറത്തിൽ നല്കിയിട്ടുള്ള വിവരങ്ങളെ സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തിയശേഷം ഞാൻ താഴെക്കാണുന്ന റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

1. അപേക്ഷകൻ കേരള പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്.

2. അപേക്ഷകൻ ഇപ്പോൾ .......................................................................................................................... എന്ന സ്ഥാപനത്തിൽ തൊഴിൽ ചെയ്തു വരികയാണ്.

3. അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതോ മററുതരത്തിൽ സ്വീകാര്യമോ ആയ റിക്കാർഡുകൾ (ഏതെന്ന് വ്യക്തമാക്കണം) പ്രകാരം അപേക്ഷകൻെറ പ്രായം ............................................... ആകുന്നു.

4. അപേക്ഷകൻ നല്കിയിട്ടുള്ള മററു വിവരങ്ങൾ ശരിയാണ്/ ശരിയല്ല.

5. മറെറന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ അത്.

ഒപ്പ്:

പേര്:

മേൽ വിലാസം:

സ്ഥലം:

തീയതി:

(ഓഫീസ് മുദ്ര)

പത്രസ്ഥാപനം/ വർക്കിംഗ് – ജേർണലിസ്റ്റ് യൂണിയൻ ജില്ലാ
പ്രസിഡൻറ്/ ജനറൽ സെക്രട്ടറി നല്കുന്ന റിപ്പോർട്ട്

ശ്രീ ശ്രീമതി ..........................................................................................................................ൻെറ/യുടെ അപേക്ഷാഫാറത്തിൽ നല്കിയിട്ടുള്ള വിവരങ്ങളെ സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തിയശേഷം ഞാൻ താഴെക്കാണുന്ന റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

1. അപേക്ഷകൻ കേരള പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്.

2. അപേക്ഷകൻ ഇപ്പോൾ .................................................................................................................................. എന്ന സ്ഥാപനത്തിൽ തൊഴിൽ ചെയ്തു വരികയാണ്.

3. അപേക്ഷകൻ ഹാജരാക്കിയിട്ടുള്ളതോ മററുതരത്തിൽ സ്വീകാര്യമോ ആയ റിക്കാർഡുകൾ (ഏതെന്ന് വ്യക്തമാക്കണം) പ്രകാരം അപേക്ഷകൻെറ പ്രായം ............................................... ആകുന്നു.

4. അപേക്ഷകൻ നല്കിയിട്ടുള്ള മററു വിവരങ്ങൾ ശരിയാണ്/ ശരിയല്ല.

5. മറെറന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ അത്.

ഒപ്പ്:

പേര്:

മേൽ വിലാസം:

സ്ഥലം:

തീയതി: (ഓഫീസ് മുദ്ര)